(എ) വിമാനങ്ങൾ വിലയ്ക്ക് വാങ്ങിയിട്ടില്ല. എന്നാൽ കേന്ദ്ര സിവിൽ വ്യോമയാന വകുപ്പിൽനിന്നും ലോൺ വഴി ഒരു വിമാനം ലഭിക്കുകയുണ്ടായി. ഈ വിമാനത്തിന്റെ യഥാർത്ഥ അവകാശി കേന്ദ്ര സിവിൽ വ്യോമയാന വകുപ്പാണ്.

(ബി),(സി),(ഡി),(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

36 (1396) പോലീസ് വകുപ്പിലെ ഒഴിവുകൾ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ നോർത്തേൺ റേഞ്ചിലെ ആർമ്ഡ് റിസർവ് വിഭാഗത്തിൽ ഹെഡ്കോൺസ്റ്റബിൾ, എ.എസ്.ഐ., എസ്.ഐ. എന്നീ തസ്തികകളിൽ ഇപ്പോൾ ഒഴിവുകളുണ്ടോ;

(ബി) എങ്കിൽ ആ ഒഴിവുകൾ നികത്താതിരിക്കുന്നതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) 1991-ൽ പ്രമോഷനുള്ള ടെസ്റ്റ് ക്വാളിഫിക്കേഷൻ നേടിയിട്ടുള്ളവർ ആരെങ്കിലും പ്രമോഷൻ ലഭിക്കാത്തതായി അവശേഷിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ നിലവിലുള്ള ഒഴിവുകളിൽ പ്രമോഷൻ ലഭിക്കാൻ അവർ അർഹരാണോ എന്ന് വ്യക്തമാക്കുമോ;

(ഇ) അർഹരാണെങ്കിൽ നിലവിലുള്ള ഒഴിവുകളിൽ അവർക്ക് എത്രയും പെട്ടെന്ന് പ്രമോഷൻ നൽകാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ റേഞ്ചിൽ 32 ആർ.എ.എസ്.ഐ. മാരുടെയും തൃശ്ശൂർ റേഞ്ചിൽ 6 ആർ.എസ്.ഐ. മാരുടെയും 1 ആർ.എ.എസ്.ഐ. യുടെയും 7 എ.ആർ.എച്ച്.സി. മാരുടെയും ഒഴിവുകളുണ്ട്.

(ബി) കണ്ണൂർ റേഞ്ചിൽ ഒഴിവുള്ള 32 ആർ.എ.എസ്.ഐ മാരുടെ ഒഴിവുകൾ നികത്തുന്നതിന് പൂർണ്ണമായുള്ള ഒരു സപ്ലിമെന്ററി സെലക്ട് ലിസ്റ്റ് ഉണ്ടാക്കുന്നതിനുള്ള ഡി.പി.ബി. ചേരുന്നതിനാവശ്യമായ എച്ച്.സി.മാരുടെ റേഞ്ച് സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യത്തിനുള്ള എച്ച്.സി.മാരുടെ എണ്ണം ഇല്ലാത്തതിനാലാണ് ഡി.പി.ബി. കൂടുവാൻ കാലതാമസം ഉണ്ടായത്. 19.6.99-ൽ ഡി.പി.ബി ചേരുകയും ആയതിന്റെ നടപടിക്രമം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രമോഷൻ നൽകുന്നതുമാണ്. തൃശ്ശൂർ റേഞ്ചിൽ ഒഴിവുള്ള ആർ.എ സ്.ഐ.മാരുടെ തസ്തികകളിലേക്കും ആർ.എ.എസ്.ഐ.മാരുടെ തസ്തികളിലേക്കും സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. സെലക്ട് ലിസ്റ്റുകൾ അംഗീകരിച്ചുകഴിഞ്ഞാലുടൻ ഒഴിവുകൾ നികത്തുന്നതാണ്. എച്ച്.സി.മാരുടെ ഒഴിവുകളിലേക്ക് തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ സീനിയോറിറ്റിയെപ്പറ്റി തർക്കം നിലവിലുണ്ടായിരുന്നതിനാലാണ് നികത്താതിരുന്നത്. തർക്കം പരിഹരിച്ച് എച്ച്.സി. മാരുടെ ഒഴിവുകൾ ഉടനെ നികത്തുന്നതാണ്.

(സി) ഇല്ല.

(ഡി)&(ഇ) ബാധകമല്ല.

37 (1397) പോലീസ് വകുപ്പിലെ ഒഴിവുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള പോലീസിലെ ജില്ലാ സായുധ റിസർവ് വിഭാഗത്തിൽ അസിസ്റ്റന്റ് കമാൻഡ്, റിസർവ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അത് എവിടെയൊക്കെ ആണെന്നും വിശദമാക്കാമോ;

(ബി) ഈ ഒഴിവുകളിലേക്ക് വർഷങ്ങളായി പ്രൊമോഷൻ നടത്താതിരിക്കുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ നികത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് കമാൻഡന്റ് - 6
റിസർവ് ഇൻസ്പെക്ടർ - 21
നിലവിലുള്ള ഒഴിവുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസമാണ് ഇതിന് കാരണം.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

38 (1398) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ എസ്.ഐ.മാരുടെ ഒഴിവ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സംസ്ഥാനത്ത് സബ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഒഴിവുകളിലേക്ക് സർവ്വീസിലുള്ള അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർക്ക് പ്രൊമോഷൻ നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ദീർഘനാളത്തെ സർവ്വീസുള്ളതും പ്രൊമോഷന് അർഹത ഉള്ളവരുമായ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായി പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 149 ഒഴിവുകൾ.

(ബി) ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ ബോർഡ് കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിമാത്രമേ പ്രൊമോഷൻ നൽകാൻ കഴിയുകയുള്ളൂ. നിലവിലുള്ള നിയമമനുസരിച്ച് താൽക്കാലിക പ്രൊമോഷൻ നൽകാൻ കഴിയുകയില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

39 (1399) കൊല്ലം ജില്ലയിലെ കെ.എ.പി-3 റാങ്ക് ലിസ്റ്റ്

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly